# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **22/03/2012-ൽ**

**ചോദ്യം നമ്പർ: 1687** | **മറുപടി പറയേണ്ടത്**

## എല്ലാ സർക്കാർ ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) എല്ലാ സർക്കാർ ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമെന്ന് നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചിരുന്നുവോ; | (എ) പ്രഖ്യാപിച്ചിരുന്നു. |
| (ബി) എങ്കിൽ ഇൻഫർമേഷൻ വെബ് & ന്യൂമീഡിയാ വിഭാഗത്തിൽ ലഭിക്കുന്ന ഉത്തരവുകൾ മാത്രം പ്രസിദ്ധപ്പെടുത്തുന്നതോടെ സർക്കാർ പ്രഖ്യാപനം നടപ്പാക്കിയതായി കണക്കാക്കാൻ കഴിയുമോ; | (ബി) ഇല്ല. |
| (സി) ഓരോ വകുപ്പിൽ നിന്നും ഓരോ ദിവസവും പുറത്തിറങ്ങുന്ന ഉത്തരവുകൾ അടുത്ത ദിവസമെങ്കിലും ഇൻഫർമേഷൻ വെബ് & ന്യൂമീഡിയാ വിഭാഗത്തിൽ നൽകുന്നതിനും അത് പ്രസിദ്ധീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി അനുവദിച്ചതിന് ശേഷം ഇതേവരെ സർക്കാർ വിവിധ വകുപ്പുകളിൽ നിന്ന് പുറപ്പെടു വിച്ച എത്ര ഉത്തരവുകൾ ഇനിയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ബാക്കി നില്പുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് & ന്യൂമീഡിയാ വിഭാഗത്തിൽ ലഭിച്ച എല്ലാ സർക്കാർ ഉത്തര വുകളും വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെ ടുവിച്ച് ഇനിയും പ്രസിദ്ധീകരിക്കാനുള്ള ഉത്തരവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.